DECEMBER 2024 **U/ID 30731/ULD4A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. അല്ല, ഞാനോർക്കുകയായിരുന്നു, ദാവീദ് രാജാവിന് എത്ര ഭാര്യമാരുണ്ട്? ആരുടേതാണ് ഈ ചിന്ത? സന്ദർഭമേത്?

2. ഊറിയാ ഒന്നു മനസ്സിലാക്കണം. യുദ്ധം ഒരു രസമല്ല; ഒരാവശ്യം മാത്രമാണ് - ഇസഹാക്ക് ഇങ്ങനെ അഭിപ്രായപ്പെട്ട സന്ദർഭമേത്?

3. ചന്ദ്രൻ ഒന്നുമതി. നക്ഷത്രങ്ങൾ നിരവധി - ഇവിടെ ഉദ്ദേശിക്കുന്നതെന്ത്?

4. മരണം കൂടാതെ രാജത്വമുണ്ടാവുകയില്ല എന്നു പറയുന്ന സന്ദർഭമേത്?

5. അങ്ങ് സഖിയെയാണ് തേടിയതെങ്കിൽ കണ്ടെത്തിയ സമ്പ്രദായം നല്ലതല്ല - ബത്തശേബ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?

6. അവൻ യോനാഥന്റെ പാരമ്പര്യക്കാരനാണ്. സ്വപ്നം കാണുന്നത് ശിംശോനെയും - ആരാണ് അവൻ?

7. പരമുനായർ എന്ന കഥാപാത്രത്തിന് സിനിമയിലുള്ള സ്ഥാനം അടയാളപ്പെടുത്തുക.

8. മീനാക്ഷി എന്ന കഥാപാത്രത്തിനുള്ള പ്രസക്തിയെന്ത്?

9. പ്രേക്ഷകരിലേക്ക് വളരെപ്പെട്ടെന്ന് പ്രഭാകരൻപിള്ളയുടെ സ്വഭാവസവിശേഷതകൾ എത്തിക്കാൻ സാധിക്കുന്ന ആദ്യരംഗത്തെക്കുറിച്ചെഴുതുക.

10. കുന്നുംപുറത്തെ ദേവയാനിക്ക് ഒന്നുമില്ല - എന്താണ് ഇവിടെ സൂചിപ്പിക്കുന്നത്?

11. എത്രകാലം മനുഷ്യർ കശാപ്പുകൊണ്ട് ആത്മശാന്തി നേടും - ഏതു സന്ദർഭത്തിലാണ് ഈ പ്രതികരണമുണ്ടാകുന്നത്?

12. പ്രഭാകരപിള്ളയുമായി രാമൻ സംഘർഷമുണ്ടാക്കിയതിന് കാരണമെന്ത്?

PART B — ($5 \times 5 = 25$ marks)

അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിന്റെ പ്രമേയം ചുരുക്കിയെഴുതുക.

14. എന്റെ ഗാനം നിന്നുപോയി. എന്റെ ജീവിതം ഉണങ്ങിപ്പോയി. ഞാനിന്നൊരു മരുഭൂമിയാണ് - സന്ദർഭമേത്? വിശദമാക്കുക.

15. ഊറിയായുടെ മരണവ്യത്താന്തമറിയുന്ന ബത്ത്ശേബയുടെ പ്രതികരണത്തെക്കുറിച്ച് വിശദമാക്കുക.

16. ബത്ത്ശേബ, ഞാനൊരു ഏകാന്തനാണ്. ഒരു ജനക്കൂട്ടത്തിന്റെ മധ്യത്തിലെ ഏകാകി - ദാവീദിന്റെ ഈ വിലാപത്തിന് കാരണമെന്ത്?

17. നാടകവും സിനിമയും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

18. മാനുഷികതയിലേക്ക് ഊന്നുന്ന പ്രമേയമാണ് പെരുവഴിയമ്പലം എന്ന സിനിമയെ വ്യത്യസ്ത മാക്കുന്നത് - വിലയിരുത്തുക.

19. വിശ്വംഭരനും ദേവയാനിയും തമ്മിലുള്ള ബന്ധം അസാധാരണമായ ഒന്നാണെന്ന് കരുതാമോ? പരിശോധിക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. പാപഫലമായ ദുരന്താനുഭവങ്ങളിലൂടെ മഹത്വത്തിലേക്ക് ഉയർന്ന കഥാപാത്രമാണ് നാടകത്തിലെ ദാവീദ് രാജാവ് - വിലയിരുത്തുക.

21. ബൈബിളിലെ ലഘുകഥയാണ് സി.ജെ. യുടെ നാടകം അടിസ്ഥാനമാക്കുന്നതെങ്കിലും നൂതന മായ കാഴ്ചപ്പാടാണ് ഇത് അടയാള പ്പെടുത്തുന്നത് - വിശദീകരിക്കുക.

22. നിലനിൽക്കുന്ന സാമൂഹ്യാവസ്ഥയിലെ പ്രശ്ന ങ്ങളെ തുറന്നുകാണിക്കുകയാണ് പെരുവഴിയമ്പലം എന്ന സിനിമ - നിങ്ങളുടെ അഭിപ്രായമെഴു തുക.

23. ആൾക്കൂട്ടത്തിന്റെ വിവിധതരം കാഴ്ചകൾക്ക് പെരുവഴിയമ്പലം പ്രാധാന്യം നൽകുന്നു - വിശദീകരിക്കുക.

24. തിരക്കഥയെ സിനിമയുടെ ബ്ലൂപ്രിന്റ് എന്നു പറയുന്നതിനോട് യോജിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.
